**കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (FW) നടപടിക്രമങ്ങൾ**

വിഷയം :- ആ.വ.ഡ — പി.എച്ച്.എൻ. (LHI) മാരുടെ 9.10.2012 മുതൽ 30.07.2018 വരെയുള്ള കാലയളവിലെ പരിഷ്ക്കരിച്ച താൽകാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

സൂചന :- 1) ഉത്തരവ് നംമ്പർ ഇ.എസ് 5/88578/17/ആ.വ.ഡ തീയതി 15/12/2018 & 14/3/2019.
2) 30/5/2014ലെ ഇ.എസ് 5/76811/2012 ആ.വ.ഡ നംമ്പരായി പ്രസിദ്ധീകരിച്ച പി.എച്ച്.എൻ. സീനിയോറിറ്റി പട്ടിക.

**ഉത്തരവ് നംമ്പർ ഇ.എസ് 5/88518/2017/ആ.വ.ഡ തീയതി 28/4/2019**

സംസ്ഥാന ആരോഗ്യവകുപ്പിലെ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ (പി.എച്ച്.എൻ) 8/10/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടിക സൂചന രണ്ട് ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ആയതിന്റെ തുടർച്ചയായി 9/10/2012 മുതൽ 30/7/2018 വരെയുള്ള കാലയളവിലെ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ താൽകാലിക സീനിയോറിറ്റി പട്ടികയും പരിഷ്ക്കരിച്ച താൽകാലിക സീനിയോറിറ്റി പട്ടികയും തയ്യാറാക്കി സൂചന ഒന്ന് പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

ഗവ : ഉത്തരവ് (പി) 291/98/ആ.കു.വ തീയതി 8/10/1998 പ്രകാരം പ്രസിദ്ധീകരിച്ച സ്പെഷ്യൽ റൂൾസ് പ്രകാരം, ജനറലും, സാങ്കേതികവുമായി നിശ്ചയിച്ച വിദ്യാഭ്യാസയോഗ്യതകൾക്ക് പുറമേ JPHN Gr. I തസ്തികയിൽ രണ്ട് വർഷം പ്രവർത്തന പരിചയവും 6 മാസക്കാലയളവുള്ള ഹെൽത്ത് സൂപ്പർവൈസേഴ്സ് ട്രെയിനിങ്ങ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവരേയും മാത്രമേ പി.എച്ച്.എൻ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായി പരിഗണിക്കാൻ കഴിയു. ആയതിനാൽ ഹെൽത്ത് സൂപ്പർവൈസേഴ്സ് ട്രെയിനിങ്ങ് പൂർത്തിയാക്കിയതിന് ശേഷം സ്ഥാനക്കയറ്റം നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അവരെ സീനിയോറിറ്റിക്കായി പരിഗണിച്ചിരിക്കുന്നത്. എന്നാൽ ബഹു: ട്രൈബ്യൂണൽ OA(EKM) 51/2015, OA EKM 2066/2016, OA EKM 2085/2016 എന്നീ കേസുകളിൽ യഥാക്രമം 13/3/2017, 14/3/2017 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച്, പ്രസ്തുത കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് അർഹമായ സ്ഥാനം ഈ സീനിയോറിറ്റി പട്ടികയിൽ നൽകിയിട്ടുണ്ട്. അതോടൊപ്പം ലഭിച്ച മറ്റ് അപ്പീലുകൾ പരിശോധിച്ച് പരിഗണനാർഹമായവ ഉൾപ്പെടുത്തുകയും ചെയ്തു കൊണ്ട് പരിഷ്ക്കരിച്ച താൽകാലിക സീനിയോറിറ്റി പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

പട്ടിക സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഉചിതമാർഗേന 8/5/2019 നകം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്ക് ശേഷം വരുന്ന അപ്പീലുകൾ യാതൊരുകാരണവശാലും പരിഗണിക്കുന്നതല്ല.

പരിഷ്ക്കരിച്ച താൽകാലിക സീനിയോറിറ്റി പട്ടിക എല്ലാ പി.എച്ച്.എൻ. മാർക്കും ലഭ്യമാക്കിയിട്ടുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)
ഡോ. വി.ആർ. രാജു
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (FW) i/c

സ്വീകർത്താവ്: 1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) എല്ലാ പി.എച്ച്.എൻ മാർക്കും (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്